. ഭരണഭാഷ - മാതൃഭാഷ

# സർവ്വെയും ഭൂരേഖയും വകുപ്പ് ഡയറക്ടറുടെ നടപടിക്രമം
# (ഹാജർ -സീറാം സാംബശിവ റാവു ഐ എ എസ്)

നം. G6/1801/2023 06-06-2023

വിഷയം : ജീവനക്കാര്യം : സർവ്വെയുംഭൂരേഖയുംവകുപ്പ്- ടെക്നിക്കൽ അസിസ്റ്റന്റ് തസ്തിക പൊതു സ്ഥലം മാറ്റം 2023 -ഒരു സ്റ്റേഷനിൽ 3 വർഷം പൂർത്തീകരിച്ച ജീവനക്കാരുടെ അന്തിമ സീനിയോരിറ്റി പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

പരാമർശം :

(1) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 25/02/2017 ലെ സ.ഉ(പി) 3/2017 നം സർക്കാർ ഉത്തരവ്

(2) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 05/04/2018 ലെ സ.ഉ(കൈ) 10/2018 നം സ.ഉത്തരവ്

(3) റവന്യൂ (ഇ) വകുപ്പിന്റെ 10/04/2023 ലെ 76/2023/RD നം സ.ഉത്തരവ്

(4സർവ്വെ ഡയറക്ടറുടെ 12/04/2023 DSLR/1480/2023- A4 നമ്പർ സർക്കുലർ

(5) HRMSൽ 29/04/2023വരെ ഓഫീസ് മേധാവിമാർ എൻട്രി വരുത്തിയിട്ടുള്ള ജീവനക്കാരുടെ സേവന വിവരങ്ങൾ

(6)സർവ്വെ ഡയറക്ടറുടെ 15/05/2023 ഇതേ നമ്പർ നടപടിക്രമം

സർവ്വെയും ഭൂരേഖയും വകുപ്പിൽ പൊതുസ്ഥലം മാറ്റം നടപ്പിലാക്കുന്നതിന് പരാമർശം (1) (2) എന്നിവ അടിസ്ഥാനമാക്കി പൊതു സ്ഥലം മാറ്റങ്ങൾക്കുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. മേൽ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം ജീവനക്കാരുടെ സേവന വിവരങ്ങൾ എൻട്രി വരുത്തുന്നതിന് ഓഫീസ് മേധാവിമാർക്ക് അവസരം നൽകിയിരുന്നു. ജീവനക്കാരുടെ സീനിയോരിറ്റി, അവധി വിവരം എന്നിവ ഓഫീസ് മേധാവികൾ പരിശോധിച്ച് നാളതീകരിച്ച് പരാമർശം 5 പ്രകാരം ലഭ്യമായിരുന്നതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിലെ ജീവനക്കാരുടെ 30/04/2023 തീയതിവരെയുള്ള സർവ്വീസ് കാലയളവ് കണക്കാക്കിയുള്ള സ്റ്റേഷൻ / ജില്ലാതല കരട് സീനിയോരിറ്റി പട്ടിക പരാമർശം 6 പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. ടി ലിസ്റ്റിനെ സംബന്ധിച്ച് ആക്ഷേപങ്ങൾ ഓൺലൈനായി സമർപ്പിക്കുന്നതിന് ജീവനക്കാർക്ക് 20/05/2023 വരെ സമയം അനുവദിച്ചിരുന്നു. അപ്രകാരം ലഭിച്ച എല്ലാ ആക്ഷേപങ്ങളും പരിശോധിച്ചിട്ടുള്ളതും ആയത് ഓൺലൈനായി തന്നെ തീർപ്പാക്കിയിട്ടുള്ളതുമാണ്. ഡാറ്റാ എൻട്രി ചെയ്ത സമയത്ത് ജീവനക്കാരുടെ ഡാറ്റായിൽ വന്ന തെറ്റ് തിരുത്തി നൽകുന്നതിന് ബന്ധപ്പെട്ട ഓഫീസ് മേധാവിക്ക് അവസരം നൽകി തിരുത്തി വാങ്ങിയിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിലെ ജീവനക്കാരുടെ 30/04/2023 തീയതിവരെയുള്ള സർവ്വീസ് കാലയളവ് കണക്കാക്കിയുള്ള സ്റ്റേഷൻ / ജില്ലാതല അന്തിമ സീനിയോരിറ്റി പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

| ക്രമ.നം | പേര്,പെൻ | നിലവിലെ കേഡറിൽ പ്രവേശിച്ച തീയതി | നിലവിലെ ഓഫീസിൽ പ്രവേശിച്ച തീയതി | നിലവിലെ സ്റ്റേഷനിൽ പ്രവേശിച്ച തീയതി | LWA | Workarrangement In Home Station | നിലവിൽ ജോലി ചെയ്യുന്ന സ്റ്റേഷനിലെ ആകെ കാലയളവ് | സ്റ്റാറ്റസ് | റിമാർക്ക് |
|---|---|---|---|---|---|---|---|---|---|
| **1.THIRUVANANTHAPURAM** | | | | | | | | | |
| 1 | ജയശ്രീ എസ് (122795) | 03-10-2022 | 03-10-2022 | 15-07-2019 | 0 | 0 | 1385 | | |
| **2.THRISSUR** | | | | | | | | | |
| 1 | നദീറ സി എ ച്ച് (132640) | 01-10-2022 | 01-10-2022 | 30-09-1996 | 0 | 0 | 9708 | | 1). Parents of children with disabilities above Fifty Percentage |
| **3.KASARGOD** | | | | | | | | | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1 | ഗംഗാധരൻ കെ പി (461618) | 19-10-2022 | 19-10-2022 | 01-08-2011 | 0 | 0 | 4290 | | |

ഓൺലൈൻ ആയി തയ്യാറാക്കിയിരിക്കുന്ന ഈ സീനിയോരിറ്റി പട്ടിക സർവ്വെയുംഭൂരേഖയുംവകുപ്പിന്റെ പോർട്ടൽ ആയ esurvey.dslr.kerala.gov.in യിലും വെബ്ബ്സൈറ്റ് ആയ dslr.kerala.gov.in ലും ലഭ്യമാണ്.

സർവ്വെ ഡയറക്ടർ

പകർപ്പ്

1. അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ (ഇ ), തിരുവനന്തപുരം
2. അക്കൌണ്ട് ജനറൽ( എ & ഇ )
3. എല്ലാ JD/DD(Field)/DD(Office)/AD(Field)/AD(Office)
4. ബന്ധപ്പെട്ട സീറ്റുകൾ (SC1,SC2,G3)

Print